ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റ് ഇപ്പോഴും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് കിട്ടി കൂടുതൽ അന്വേഷണം വേണമെങ്കിൽ അക്കാര്യം അതിനെക്കുറിച്ച് പരിഗണിക്കാം.

ശ്രീ. വി. സി. കബീർ : അട്ടപ്പാടിയിൽ നടന്ന ആദിവാസികൾക്കെതിരെയുള്ള ചൂഷണത്തിനെതിരെ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. സമീപകാലത്താണ്. അതിന്റെ അന്വേഷണം ആരംഭിച്ചത്. അതുതന്നെ തേച്ചുമാച്ചുകളയുന്നതിനുള്ള നിഗൂഢശ്രമം ഭരണകക്ഷിക്കാർ ആരംഭിച്ചതായും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നു. അതുകൊണ്ട് സത്യസന്ധമായി ആ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ഗവൺമെന്റ് ഉറപ്പു നൽകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഈ ഗവൺമെന്റ് ആദിവാസികളുടെ കാര്യത്തിൽ അവർക്കെതിരായി വരുന്ന യാതൊന്നും ചെയ്തിട്ടില്ല. അവരെ സഹായിക്കുന്ന സമീപനമാണ് കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി ഈ ഗവൺമെന്റ്. സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. ജെ. തങ്കപ്പൻ : പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയെല്ലാം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയാൽപോലും സമയത്തിന് ചെയ്തു തീർക്കാത്ത സംഭവങ്ങൾ അനവധി ഉണ്ട്. അതുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നടക്കുന്ന ഹരിജന ഗിരിജനക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് നടത്താൻ ഒരു സംവിധാനമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കുംവേണ്ടി നൽകുന്ന പദ്ധതികളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രോഗ്രസ് എങ്ങനെയുണ്ടെന്ന് എല്ലാ മാസവും വിലയിരുത്തിയിട്ട് പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അക്കാര്യത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി

* 167. [186] ശ്രീ. എ. സി. ജോസ് :
,, എം. എം. ഹസ്സൻ :
,, സ്റ്റീഫൻ പാടുവ :
,, മണിമംഗലത്തു കുട്ട്യാലി :
,, എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ എണ്ണം എത്ര ; അത് മൊത്തം ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(ബി) മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാം ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) സംസ്ഥാനത്ത് ഉദ്ദേശം 1,80,000 മൽസ്യത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം ഏകദേശം 8.5 ലക്ഷം വരുമെന്നാണ് കണക്ക്. ഇത് സംസ്ഥാന ജനസംഖ്യയുടെ ഏതാണ്ട് 3 ശതമാനം വരും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെൻറ് മൽസ്യത്തൊഴിലാളികളുടെ ഉയർച്ചയ്ക്കും ക്ഷേമത്തിനുമായി നടപ്പിലാക്കിയ പ്രധാനപ്പെട്ട പരിപാടികൾ താഴെ പറയുന്നവയാണ്.

1. പാരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതിക്ക് സഹകരണാടിസ്ഥാനത്തിൽ അവരെ സംഘടിപ്പിച്ച് ഗ്രാമതലത്തിൽ ക്ഷേമസംഘങ്ങളും ജില്ലാതലത്തിൽ ജില്ലാ കോ-ഓപ്പറേറ്റീവുകളും സംസ്ഥാനതലത്തിൽ മൽസ്യഫെഡും രൂപീകരിച്ച് ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ കാർഷിക വികസന ബാങ്ക്, ലോക ബാങ്ക് തുടങ്ങിയ ധനസഹായ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി.
2. മൽസ്യത്തൊഴിലാളികളുടെ നാനാമുഖമായ ഉന്നമനവും ക്ഷേമവും ലക്ഷ്യമാക്കി മൽസ്യത്തൊഴിലാളി ക്ഷേമ ഫണ്ട് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
3. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഹരിജനക്ഷേമ വകുപ്പിൽനിന്നും മറ്റർഹതപ്പെട്ട ജാതിയിൽപെടുന്നവരുടെ കുട്ടികൾക്ക് നൽകുന്നതുപോലെ ലംപ്സം ഗ്രാൻറ് തുടങ്ങി എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചു.
4. അപകടം സംഭവിച്ച് മരണപ്പെടുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്ന മൽസ്യത്തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച തോതിലുള്ള (അതായത് 10,000 രൂപ ലഭിച്ചിരുന്നിടത്ത് 15,000 രൂപയും 5,000 രൂപ ലഭിച്ചിരുന്നിടത്ത് 7,500 രൂപയും) ആനുകൂല്യം ലഭ്യമാക്കുന്നതിനുതകുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.
5. പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഹഡ്കോയുടെ സഹായത്തോടെ ഭവനനിർമ്മാണ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ഉദ്ദേശം 20,000 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും മൂന്നാം ഘട്ടമായി 10,000 വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയും ചെയ്യുന്നു.
6. 50 ഫിഷറീസ് ഗ്രാമങ്ങളിൽ അധിവസിക്കുന്ന 20,000 ത്തോളം വരുന്ന മൽസ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ വില്വരുന്ന വള്ളം, വല, കട്ടമരം, ഔട്ട് ബോർഡ് മോട്ടോറുകൾ എന്നീ മൽസ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്തു.
7. മീൻകച്ചവടക്കാരായ സ്ത്രീകളുടെ സൗകര്യാർത്ഥം കൂടുതൽ വനിതാ ബസ് സർവ്വീസുകൾ ആരംഭിച്ചു.
8. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുംവേണ്ടി വിപണന സമ്പ്രദായത്തിൽ അടിസ്ഥാന മാറ്റങ്ങൾ വരുത്തുകയും കടൽത്തീരത്തുവച്ചുതന്നെ ലേലം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

9. കടൽ മൽസ്യബന്ധന ക്രമീകരണ നിയമം പാലിക്കുന്നതിന് പട്രോളിംഗ് ശക്തിപ്പെടുത്തുകയും പരിധി ലംഘിച്ച് മൽസ്യബന്ധനം നടത്തുന്നതിനുള്ള ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്തു.

10. ആഴക്കടൽ മൽസ്യബന്ധനത്തിന് കൂടുതൽ വിദേശ ട്രോളറുകൾ ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു.

11. മൽസ്യത്തൊഴിലാളികൾക്ക് സ്വന്തമായി വള്ളം, വല എന്നിവ നേടിയെടുക്കുന്നതിന് ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്തു.

12. സൈക്കിളിൽമൽസ്യക്കച്ചവടം നടത്തുന്നവർക്ക് സൈക്കിളും ഓട്ടോറിക്ഷയും വാങ്ങുന്നതിന് വായ്പാസഹായം ലഭ്യമാക്കി.

13. മൽസ്യത്തൊഴിലാളികളുടെ കൂട്ടികൾക്കായി ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടി കൂടുതൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

14. മൽസ്യത്തൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങൾ, മൽസ്യബന്ധനോപകരണങ്ങൾ, അവയ്ക്കുള്ള സ്പെയർ പാർട്ടുകൾ എന്നിവ ലഭ്യമാക്കുന്നതിന് വ്യാപാര സ്റ്റോറുകൾ തുറന്നു പ്രവർത്തിപ്പിച്ചു.

15. ഔട്ട് ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ മണ്ണെണ്ണ കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി അനുവദിച്ചു.

16. ഡീസൽ ബങ്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

17. എം.പി.ഡി.എ.യുടെ സഹായത്തോടെ ആധുനിക രീതിയിലുള്ള ചെമ്മീൻ കിള്ളൽ കേന്ദ്രങ്ങൾ ആരംഭിച്ചു.

18. കടലോര ഗ്രാമങ്ങളിലെ ലോവർ പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തി.

19. 14 കേന്ദ്രങ്ങളിൽ പ്രീഡിഗ്രിക്ക് തുല്യമായി എസ്. എസ്.എൽ.സി. കഴിഞ്ഞ് 2 കൊല്ലംകൊണ്ട് അവസാനിക്കുന്ന ഹയർ സെക്കൻററി കോഴ്സുകൾ ആരംഭിച്ചു.

20. ലോകബാങ്കിൻെറ സഹായത്തോടുകൂടി ചെമ്മീൻ വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം നേടുകയുണ്ടായി.

21. ഉൾനാടൻ മൽസ്യക്കൃഷി വികസിപ്പിക്കുന്നതിനായി കൂടുതൽ മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചു.

22. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ സംയോജിത മൽസ്യ വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി. 3300-ലധികം മൽസ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയനുസരിച്ച് ഉദ്ദേശം രണ്ടരക്കോടി രൂപയുടെ ആനുകൂല്യം നൽകി.

23. ഇതര മാതൃകയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസമെന്ന നിലയിൽ ഉദ്ദേശം രണ്ടര കോടി രൂപയുടെ സഹായം നൽകി. 5700-ഓളം കുടുംബങ്ങൾക്ക് മൽസ്യബന്ധനോപകരണങ്ങളും മറ്റും വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

24. മൽസ്യബന്ധനോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി സർവ്വീസ് കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.

25. നല്ലയിനം വല ലഭ്യമാക്കുന്നതിനുവേണ്ടി പ്രതിവർഷം 120 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു വല നിർമ്മാണശാല കൊച്ചിയിൽ സ്ഥാപിച്ചു.

26. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഉയർന്ന ഗുണനിലവാരം പുലർത്തുന്ന മൽസ്യോൽപന്നങ്ങൾ പാകം ചെയ്ത് ഉപഭോക്താക്കൾക്ക് നൽകുന്ന മൂല്യവർദ്ധിത മൽസ്യോൽപന്ന നിർമ്മാണ പദ്ധതി നടപ്പിലാക്കി.

27. ആരോഗ്യ സംരക്ഷണം, പരിസര ശുചീകരണം, മദ്ധ്യവർത്തികളുടെ ചൂഷണം എന്നിവയെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും മുപ്പത് വിദ്യാകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു.

28. പ്രായാധിക്യം ചെന്നവർക്ക് പെൻഷൻ ഈ വർഷംതന്നെ നൽകി തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു.

29. മൽസ്യത്തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണത്തിന് ഫിഷറീസ് ഡിസ്പെൻസറികൾ സ്ഥാപിച്ചു. ഇങ്ങനെ 35 ആശുപത്രികൾ അനുവദിച്ചു.

30. മൽസ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ 13 സ്ഥലങ്ങളിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി.

31. മൽസ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് തിരിച്ചെത്തുന്നതിന് സഹായകമായി വൈഡ് ലൈറ്റുകൾ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചു.

32. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് റോഡുകൾ നിർമ്മിക്കുകയുണ്ടായി.

ശ്രീ. എം. എം ഹസ്സൻ : ഉപചോദ്യങ്ങൾക്ക് വലിയ പ്രസക്തിയൊന്നുമില്ലെങ്കിലും ഞാൻ ഒന്നുരണ്ടു കാര്യങ്ങൾകൂടി ചോദിക്കാനാഗ്രഹിക്കുകയാണ്. എല്ലാ കാര്യങ്ങൾക്കും അദ്ദേഹം വിശദമായി മറുപടി പറഞ്ഞു കഴിഞ്ഞു. എങ്കിലും ഒന്നുകൂടി ചോദിക്കുകയാണ്. ഈ തീരദേശങ്ങളിലെന്നതുപോലെതന്നെ ഉൾനാടൻ മൽസ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ളവർക്കുകൂടി ഗ്രാമസംഘങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഏറ്റവും സഹായകരമായിട്ടുള്ള ഒരു കാര്യം ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങി ഘടിപ്പിക്കുകയെന്നുള്ളതാണ്. അതിന് ഇന്ന് വില വളരെ കൂടുതലാണ്. വില കൂടുതലിനു കാരണം അതിന്റെ നികുതി വളർക്കൂടുതലായതുകൊണ്ടാണ്. ട്രോളർ തുടങ്ങിയ വയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതിയേക്കാൾ വലിയ നികുതിയാണ്. അതുകൊണ്ട് വില കുറയ്ക്കുന്നതിനും നികുതി കുറയ്ക്കുന്നതിനും പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സഹായിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ ?

മി സ്പീക്കർ : കേന്ദ്ര ഗവൺമെന്റിലേക്ക് സമ്മർദ്ദം ചെലുത്തുമോയെന്നുള്ളതാണ് ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : ഇതിലേക്കുവേണ്ടി സെൻട്രൽ ഗവൺമെൻറിലേക്ക് എഴുതിയിട്ടുണ്ട്.

Shri Stephen Padua : Will the Hon. Minister be pleased to state the total number of students in the Fishermen community who have been benefited by the lumpsum grant newly introduced by the Government and also the amount required to disburse for these students during one year ?

ശ്രീ. എ. എൽ. ജേക്കബ് : 128,000-ത്തിൽ ശിഷ്ടം. നമ്പർ ഓഫ് സ്റ്റുഡൻസിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. എമൗണ്ട് 70 ലക്ഷം രൂപ.

Shri Stephen Padua : The amount required to disburse for these students.

ശ്രീ. എ. എൽ. ജേക്കബ് : 70 ലക്ഷം രൂപ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ഉഭനാടൻ മൽസ്യക്കൃഷി വികസനത്തിനായി.....

മി. സ്പീക്കർ : അതു സംബന്ധിച്ച ചോദ്യം വേറെ വരുന്നുണ്ട്. അടുത്ത ചോദ്യം അതുസംബന്ധിച്ചുള്ളതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഗവൺമെൻറ് ഫിഷറീസ് ഡിസ്പെൻസറീസ് 36 എണ്ണം സ്ഥാപിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഏകദേശം നാലു വർഷത്തിനു മുൻപ് അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ കൊടുക്കുകയും ഡിസ്പെൻസറിക്കാവശ്യമായ കെട്ടിടസൗകര്യങ്ങൾ പഞ്ചായത്ത് തരാമെന്ന് സമ്മതിക്കുകയും ചെയ്ത എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് ഫിഷറീസ് ഡിസ്പെൻസറികളിൽ ഡോക്ടർമാരെ പോസ്റ്റ് ചെയ്തിട്ടില്ലെന്നുള്ളതുകൊണ്ട് അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നുള്ള കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അവിടെ ഡോക്ടർമാരെ പോസ്റ്റു ചെയ്യുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ശക്തൻ നാടാർ : ഇന്ന് ഹരിജനങ്ങളായ വിദ്യാർത്ഥികൾക്ക് കൊടുത്തുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ മൽസ്യത്തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കും ലഭ്യമാകുന്നുണ്ട്. അതുപോലെ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികൾ മുഖാന്തിരം ഹരിജനങ്ങൾക്ക് വീട് വച്ചു കൊടുക്കുന്നതുപോലെ മൽസ്യത്തൊഴിലാളികൾക്കും വീട് വച്ചുകൊടുക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെടുമോ ?

ശ്രീ എ. എൽ. ജേക്കബ് : മൽസ്യത്തൊഴിലാളികൾക്ക് ഇപ്പോൾതന്നെ 20,000 വീടുകൾ വച്ചു കൊടുത്തിട്ടുണ്ട്. ഇനി പതിനായിരം വീടുകൾകൂടി വച്ചുകൊടുക്കുന്നതിനുള്ള പ്ലാനും പദ്ധതിയും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ശക്തൻ നാടാർ : എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി സമഗ്ര മൽസ്യ വികസന പദ്ധതിയുടെ ഒന്നാംഘട്ടം 15 ഗ്രാമങ്ങളിലാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. ഇനി എത്ര ഗ്രാമങ്ങളിൽകൂടി ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ? എന്റെ നിയോജകമണ്ഡലത്തിലെ ശ്രപ്നഗ്രാമങ്ങളായ വിഴിഞ്ഞം നോർത്തും വിഴിഞ്ഞം സൗത്തും കൂടി ഇത് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : രണ്ടാം ഘട്ടമായി 32 ഗ്രാമങ്ങളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : കടലാസ്സിൽ എഴുതിവച്ച ഒരു ലിസ്റ്റാണ് മന്ത്രി ഇവിടെ വായിച്ചത്. ഈ നിയമസഭതന്നെ പാസ്സാക്കിയ മൽസ്യത്തൊഴിലാളി ക്ഷേമനിധി നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എന്തു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? ആ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്ത് സാഹചര്യത്തിൽ ഈ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങളെല്ലാം ചെയ്തിട്ടുണ്ടല്ലോ. വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് ഈ വർഷം തന്നെ കൊടുക്കുന്നതാണ്.

കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട്

* 168. [187] ശ്രീ. കെ. പി അരവിന്ദാക്ഷൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകളടങ്ങിയ കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ന് ;

(സി) റിപ്പോർട്ടിലെ ശുപാർശകളിൽ ഏതൊക്കെ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളും മനോരോഗചികിൽസയ്ക്കുള്ള ഗവേഷണ സ്ഥാപനങ്ങളും ഒരു പ്രത്യേക ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള ശുപാർശ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്.

(ബി) 28-7-1983-ൽ.

(സി) സംസ്ഥാനത്തെ മൂന്നു മാനസികരോഗാശുപത്രികളെക്കുറിച്ചുള്ള ഒന്നാണ് കൃഷ്ണമൂർത്തിക്കമ്മീഷൻ റിപ്പോർട്ട്. ഈ റിപ്പോർട്ടിലെ ശുപാർശപ്രകാരം എല്ലാ കെട്ടിടങ്ങൾക്കും വേണ്ടത്ര ആധുനിക സജ്ജീകരണങ്ങളും നൽകിക്കഴിഞ്ഞു. റോഡുകളും മതിലുകളും ജലവിതരണവും ഡ്രെയിനേജും മെച്ചപ്പെടുത്തി. വിനോദങ്ങൾക്കും തൊഴിലധിഷ്ഠിത ചികിൽസയ്ക്കും സംവിധാനമുണ്ടാക്കി. ആധുനികരീതിയിലുള്ള ഒരു പുനരധിവാസകേന്ദ്രം 'അഭയ' എന്ന സാമൂഹ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ രോഗികൾക്കും ആവശ്യമായ കട്ടിലുകളും നൽകിയിട്ടുണ്ട്. രണ്ടായിരത്തിലേറെ പുസ്തകങ്ങളും ദിന

LIBRARY ARCHIVES Kerala Legislative Assembly